**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 310** **04-10-2021 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ സുരക്ഷാ പെൻഷൻ - മസ്റ്ററിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കോവിഡ് മഹാമാരി കാരണം മസ്റ്ററിംഗ് നടക്കാത്തതിനാൽ അർഹരായവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2019 ഡിസംബർ 31 വരെ പെൻഷൻ അനുവദിക്കപ്പെട്ടവർ, മസ്റ്റർ ചെയ്താൽ മാത്രമേ പെൻഷൻ അനുവദിക്കാൻ കഴിയുകയുള്ളു. മസ്റ്റർ ചെയ്യുന്നതിനായി 2019 നവംബർ മുതൽ 2020 ഒക്ടോബർ 15 വരെ വിവിധ ഘട്ടങ്ങളിലായി സമയം അനുവദിച്ചിരുന്നു. ഇനിയും മസ്റ്റർ ചെയ്യുവാനുള്ളവർക്ക് ഒരു അവസരം കൂടി നൽകുന്ന കാര്യം പരിശോധിച്ചുവരികയാണ്. |
| (ബി) | മസ്റ്ററിംഗ് നടക്കാത്തതിനാൽ അർഹതപ്പെട്ടവർക്ക് മാസങ്ങളായി പെൻഷൻ ലഭിക്കാത്ത സാഹചര്യത്തിൽ അർഹതയുള്ളവർക്ക് മസ്റ്ററിംഗ് നടത്താനുള്ള അവസരമോ, അല്ലെങ്കിൽ മറ്റ് സാവകാശങ്ങളോ നല്കി പെൻഷൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2019 ഡിസംബർ 31 വരെ പെൻഷൻ അനുവദിക്കപ്പെട്ടവർ, മസ്റ്റർ ചെയ്താൽ മാത്രമേ പെൻഷൻ അനുവദിക്കാൻ കഴിയുകയുള്ളു. മസ്റ്റർ ചെയ്യുന്നതിനായി 2019 നവംബർ മുതൽ 2020 ഒക്ടോബർ 15 വരെ വിവിധ ഘട്ടങ്ങളിലായി സമയം അനുവദിച്ചിരുന്നു. ഇനിയും മസ്റ്റർ ചെയ്യുവാനുള്ളവർക്ക് ഒരു അവസരം കൂടി നൽകുന്ന കാര്യം പരിശോധിച്ചുവരികയാണ്. |
| (സി) | കോവിഡ് മഹാമാരി മൂലം മസ്റ്ററിംഗ് നടക്കാത്തതിനാൽ കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ (പഞ്ചായത്ത് / നഗരസഭ തരംതിരിച്ച്) അർഹരായ എത്ര ആളുകൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ മുടങ്ങിക്കിടക്കുന്നുണ്ടെന്ന് വിശദമാക്കാമോ? | (സി) | കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ മസ്റ്ററിംഗ് പൂർത്തിയാക്കാത്ത 1237 പെൻഷൻ ഗുണഭോക്താക്കളാണുള്ളത്. ഇവരുടെ ഗ്രാമപഞ്ചായത്ത്/നഗരസഭ തിരിച്ചുള്ളകണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. മരണപ്പെട്ടവരെയും അനർഹരെയും പെൻഷൻ ഡേറ്റാബേസിൽ നിന്നും ഒഴിവാക്കുന്നതിന് വേണ്ടിക്കൂടിയാണ് മസ്റ്ററിംഗ് ഏർപ്പെടുത്തിയിട്ടുള്ളത്. അതിനാൽ ഇതിൽ അർഹരായ എത്ര പേർക്കാണ് പെൻഷൻ മുടങ്ങിക്കിടക്കുന്നതെന്ന് മസ്റ്ററിംഗ് പൂർത്തിയാക്കിയാൽ മാത്രമേ അറിയാൻ സാധിക്കുകയുള്ളു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ മസ്റ്ററിംഗ് പൂർത്തിയാക്കാത്ത പെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ | | | | | | |
|---|---|---|---|---|---|---|
| പ്രാദേശിക സർക്കാർ | കർഷക തൊഴിലാളി പെൻഷൻ | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | ഇന്ദിരാഗാന്ധി ദേശീയ ഡിസെബിലിറ്റി പെൻഷൻ സ്കീം - ശാരീരികമായി /മാനസികമായി വെല്ലുവിളി നേരിടുന്നവർ | 50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | വിധവാ പെൻഷൻ | **ആകെ** |
| കൂത്തുപറമ്പ് മുൻസിപ്പാലിറ്റി | 12 | 117 | 9 | 14 | 56 | **208** |
| കോട്ടയം ഗ്രാമ പഞ്ചായത്ത് | 11 | 47 | 8 | 5 | 14 | **85** |
| മൊകേരി ഗ്രാമ പഞ്ചായത്ത് | | 2 | 2 | | 1 | **5** |
| തൃപ്രങ്ങോട് ഗ്രാമപഞ്ചായത്ത് | 12 | 125 | 23 | 5 | 15 | **180** |
| കുന്നത്തുപറമ്പ ഗ്രാമപഞ്ചായത്ത് | 17 | 130 | 20 | 3 | 50 | **220** |
| പാട്യം ഗ്രാമപഞ്ചായത്ത് | 31 | 107 | 16 | 9 | 24 | **187** |
| പാനൂർ മുൻസിപ്പാലിറ്റി | 30 | 252 | 16 | 5 | 49 | **352** |
| **ആകെ** | **113** | **780** | **94** | **41** | **209** | **1237** |